# എൻ.എസ്.എസ്. ബഡ്ജറ്റ് സമ്മേളനം 2021

നായർ സർവീസ് സൊസൈറ്റിയുടെ 107-ാമത് വാർഷിക ബഡ്ജറ്റ് സമ്മേളനം, കോവിഡ് 19 പ്രതിരോധത്തിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ നിലനില്ക്കുന്നതിനാലും കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സിന്റെ 8.4.2020-ലെ 14/2020 നമ്പരിലും 13.4.2020-ലെ 17/2020 നമ്പരിലും ഉള്ള സർക്കുലറുകളിലെ വ്യവസ്ഥകൾ അനുസരിച്ചും 24.6.2021-ന് പെരുന്നയിലെ എൻ.എസ്.എസ്. ആസ്ഥാനം കേന്ദ്രമാക്കിയും 60 താലൂക്ക് യൂണിയനുകളെയും ബന്ധപ്പെടുത്തിക്കൊണ്ടും ഓൺലൈൻ വീഡിയോ കോൺഫറൻസിലൂടെ നടന്നു. പ്രസിഡന്റ് പി.എൻ. നരേന്ദ്രനാഥൻ നായർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ 2021-22 വർഷത്തേക്കുള്ള 132 കോടി രൂപാ വരവും അത്രയുംതന്നെ ചെലവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് അവതരിപ്പിച്ചു.

പതിവുപോലെ, മന്നംസമാധിയിൽ ജനറൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തിയശേഷമാണ് യോഗനടപടികൾ ആരംഭിച്ചത്. പിന്നീട് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിനു ശേഷം ജനറൽ സെക്രട്ടറി ബഡ്ജറ്റ് അവതരിപ്പിച്ചു. 132 കോടി രൂപാ വരവും, അത്രയുംതന്നെ രൂപാ ചെലവുമാണ് 2021-22 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിൽ പ്രതീക്ഷിച്ചിട്ടുള്ളത്. വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, സാമൂഹ്യക്ഷേമം, ആദ്ധ്യാത്മികബോധനം എന്നീ മേഖലകൾക്ക് ബഡ്ജറ്റിൽ കൂടുതൽ പരിഗണന നല്കിയിട്ടുണ്ട്. ജനറൽ സെക്രട്ടറി അവതരിപ്പിച്ച ബഡ്ജറ്റ് യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

ഡയറക്ടർ ബോർഡിലേക്ക് ഒഴിവുവന്ന ഒൻപതു സ്ഥാനങ്ങളിലേക്ക് ഡോ. എം. ശശികുമാർ (കാർത്തികപ്പള്ളി), ഹരികുമാർ കോയിക്കൽ (ചങ്ങനാശ്ശേരി), എം.എസ്. മോഹൻ (പൊൻകുന്നം), എം.എം. ഗോവിന്ദൻകുട്ടി (കണയന്നൂർ), ഡോ. ജി. ഗോപകുമാർ (കൊല്ലം), പി. നാരായണൻ (ഒറ്റപ്പാലം), പ്രൊഫ. ഇലഞ്ഞിയിൽ രാധാകൃഷ്ണൻ (ചേർത്തല), അഡ്വ. എ. സുരേശൻ (തൃശൂർ), അഡ്വ. എ. ബാലകൃഷ്ണൻനായർ (കാസർഗോഡ്) എന്നിവരെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

പ്രസിഡന്റുസ്ഥാനത്തേക്ക് അഡ്വ. പി.എൻ. നരേന്ദ്രനാഥൻനായർ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

എൻ.എസ്.എസ്. ഇലക്ഷൻ ഓഫീസർ അഡ്വ. അനിൽ ഡി. കർത്താ തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിച്ചു.

ഡയറക്ടർ ബോർഡിൽ നേരത്തെ വന്ന ഒഴിവുകളിലേക്ക് പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള (കോട്ടയം), പി.എൻ. സുകുമാരപ്പണിക്കർ (ചെങ്ങന്നൂർ) എന്നിവരെ കോ-ഓപ്റ്റ് ചെയ്തിരുന്നു.

ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ അവതാരകനും ട്രഷറർ ഡോ. എം. ശശികുമാർ അനുവാദകനും ആയുള്ള "സ്ത്രീധനത്തിന്റെ പേരിലുള്ള ആത്മഹത്യകളും കൊലപാതകങ്ങളും വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ, സ്ത്രീധനനിരോധന നിയമത്തിൽ യുക്തമായ ഭേദഗതികൾ വരുത്തി, നിയമം കർക്കശമായി നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം" എന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്ന പ്രമേയം യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

ആകെയുള്ള 292 പ്രതിനിധികളിൽ 275 പേർ വിവിധ താലൂക്ക് യൂണിയനുകളിലുള്ള സെന്ററുകളിൽനിന്നും ഓൺലൈൻ വീഡിയോ കോൺഫറൻസിലൂടെ സമ്മേളനത്തിൽ പങ്കെടുത്തു.